# മിയാവാക്കി എന്ന ഹരിത നികേതനങ്ങളുടെ ചക്രവർത്തിയെ തേടി...

Sep 26, 2020, 10:09 AM IST

A A A

# പി. രഘു



മെയ്ജി ജിങ്

**ലോ**കത്തിൽ ഇന്നറിയപ്പെടുന്നതിൽ ഏറ്റവും കൂടുതൽ നിർമ്മിത ഹരിത വനങ്ങൾ രൂപപ്പെടുത്തിയ ജപ്പാനീസ് പ്രൊഫസറെ തേടിപ്പോയ ഒരു മലയാളിയുടെ യാത്ര ഫലം കണ്ടു. തൊണ്ണൂറ്റി രണ്ടിലെത്തി നില്ക്കുന്ന ഡോ. അകിറ മിയാവാക്കിയെ തേടിയായിരുന്നു യാത്ര. ജപ്പാനിലെ യോക്കോഹാമ യൂണിവേഴ്സിറ്റിയിലെ സസ്യശാസ്ത്രജ്ഞനായിരുന്ന പ്രൊഫ. മിയാവാക്കി ഇപ്പോൾ പ്രായാധിക്യത്തെ തുടർന്ന് പൊതു പ്രവർത്തന മേഖലകളിലെ നേരിട്ടുള്ള ഇടപെടലുകൾ അല്പം കുറക്കുന്നു.

ജനാധിവാസ മേഖലകളിലെ നേരിട്ടുള്ള ഇടപെടലുകൾ അൽപം കുറക്കുന്നു. ജനാധിവാസ മേഖലകളിലടക്കം ആഗോളതലത്തിൽ അദ്ദേഹത്തിന്റെ മാതൃകയിൽ പിറന്നത് 4000ൽ അധികം നിർമ്മിത തനത് വനങ്ങൾ. അവയത്രയും ഹരിതം ചൂടി നിൽക്കുന്നു. സ്വാഭാവിക വനങ്ങളിലേതുപോലുള്ള നാലു കോടിയിലധികം മരങ്ങളാണദ്ദേഹം നേരിട്ട് നട്ടുപിടിപ്പിച്ചെടുത്തത്.

## ഹരിയുടെ യാത്ര, പ്രകൃതിയിലേക്കും മിയാവാക്കിയിലേക്കും

ജേർണ്ണലിസത്തിലും നിയമത്തിലും ഉപരിപഠനം നടത്തിയ ഹരി തൊഴിലായി തെരഞ്ഞെടുത്തത് വിവര സാങ്കേതിക വിദ്യ അടിസ്ഥാനമാക്കിയുള്ള ഒരിടത്തരം വ്യവസായമാണ്. നാട്ടിൻപുറത്തു ചെലവിട്ട ബാല്യകാലത്തിന്റെ ബാക്കി പത്രവും മാതൃധാരയും കൃഷിയിലും കാടിലുമൊക്കെയുള്ള താൽപര്യവും നഗരജീവിതത്തിനിടയിലും വിടാതെ പിന്തുടർന്നു. ആദ്യം വീടിനു ചുറ്റുമുള്ള സ്ഥലവും മട്ടുപ്പാവും വന സമാനമാക്കി. പുളിയറക്കോണത്ത് വനവത്ക്കരണത്തിനായി വാങ്ങിയ തരിശു

ഭൂമിയിലെ ശ്രമങ്ങൾ ഒന്നും വിജയം കണ്ടില്ല. മിയാവാക്കി വഴിവിളക്കാവുന്നത് ഈ പ്രതിസന്ധി ഘട്ടത്തിലാണ്.



പ്രൊഫ. മിയാവാക്കിക്കൊപ്പം ഹരി

ഇന്ത്യയിൽ നവ വനവത്ക്കരണ മാതൃക പ്രചരിപ്പിച്ച ശുഭേന്ദു ശർമ്മയുടെ TED talk-ലൂടെയാണ് ഹരി ആദ്യമായി മിയാവാക്കിയെക്കുറിച്ച് അറിയുന്നത്. സുഹൃത്തായ ബോബി മോഹനും ബന്ധു കൃഷ്ണപ്രസാദും ശുഭേന്ധു ശർമ്മയുടെ വീഡിയോ അയച്ചു കൊടുത്തു. 'മൂന്നു സെന്ററിൽ ഒരാൾ കാടു വെച്ചിരിക്കുന്നു. എന്തുകൊണ്ടു പരീക്ഷിച്ചു കൂടാ?' ഹരിയുടെ വനവൽക്കരണ ശ്രമങ്ങളും പരാജയങ്ങളും കണ്ടുമടുത്ത ഇവർ ഒരു പ്രതി മാതൃക നിർദ്ദേശിച്ചു.

സുഹൃത്തും ഇന്റർനെറ്റ് വിദഗ്ദനുമായ ഹരികൃഷ്ണന്റെ അന്വേഷണത്തിനൊടുവിൽ ശർമ്മയുടെ മൊബൈൽ നമ്പർ കണ്ടെത്തി. മിയാവാക്കി മാതൃകയുടെ അടിസ്ഥാന തത്ത്വങ്ങൾ അവിടെ നിന്നാണ് ലഭ്യമാകുന്നത്. അതു പ്രാവർത്തികമാക്കുന്നതിനുള്ള പഠനങ്ങളായിരുന്നു. അടുത്ത ഒന്നര വർഷം. ഒടുവിൽ 2018 ജനുവരി 31 ന് പുളിയറക്കോണത്ത് കേരളത്തിലെ ആദ്യത്തെ മിയാവാക്കി നഗര സൂക്ഷ്മ വനം (Urban Micro Fortse) പിറവി കൊണ്ടു. തുടർന്ന് പേയാടിലും (ചതുപ്പ്) മൂന്നാറിലും (ഹൈറേഞ്ച്) വനങ്ങൾ രൂപപ്പെടുത്തി. പൊതു സ്ഥലത്താദ്യമായി കേരളാ ടൂറിസംവകുപ്പിന്റെ അനുവാദത്തോടെ കനകക്കുന്നിലും വനംവകുപ്പിനു വേണ്ടി തൃശ്ശൂർ മുടിക്കോട്ടും എറണാകുളത്തെ നെടുമ്പാശ്ശേരിയിലും തിരുവനന്തപുറത്ത് നെയ്യാറിലും വനങ്ങൾ വെച്ചുപിടിപ്പിച്ചു. മിയാവാക്കിയുടെ അടിസ്ഥാന തത്വങ്ങളുപയോഗിച്ചു തിരുവല്ലയിലൊരു സർപ്പക്കാവും സമാന്തരമായി പൂവനങ്ങളും ഫലവനങ്ങളും നിർമ്മിച്ചെടുത്തു. പ്രൊ. വി. കെ. ദാമോദരൻ ചെയർമാനായ നേച്ചേഴ്സ് ഗ്രീൻ ഗാർഡിയൻ ഫൗണ്ടേഷനാണ് കനകക്കുന്നിലെ സഹകരണ പങ്കാളി. ഇൻ വിസ് മൾട്ടി മീഡിയയിലേയും കൾച്ചർ ഷോപ്പിയിലേയും ഐ. ടി. വിദഗ്ദർ എല്ലാ സംരംഭങ്ങളിലും സർവ്വാത്മനാ സഹകരിക്കുന്നു. നട്ട ഇടങ്ങളിലെല്ലാം മരങ്ങൾ അത്ഭുതകരമായ വളർച്ച നേടി നിൽക്കുകയാണിപ്പോൾ.

## മിയാവാക്കി മാതൃക

പ്രൊഫ. മിയാവാക്കി വികസിപ്പിച്ചെടുത്ത നവ വനവത്ക്കരണ മാതൃക ഇന്ന് ലോക പ്രസിദ്ധമാണ്. 1970 ലാണ് ഈ മാതൃക ആദ്യം അവതരിപ്പിക്കുന്നത്. 1972 ൽ നിപ്പോൺ സ്റ്റീൽ കമ്പനിയിൽ ഇത് പ്രയോഗത്തിലെത്തി. നാലു പതിറ്റാണ്ട് പിന്നിട്ട ഇത്തരം ചെറുവനങ്ങൾ ഇപ്പോൾ യോക്കോഹാമ യൂണിവേഴ്സിറ്റിയുടെ ക്യാമ്പസ്സിനെ ഹരിതാഭമാക്കുന്നു. 1976ലാണ് ക്യാമ്പസ്സിൽ മരങ്ങൾ നട്ടുതുടങ്ങുന്നത്. യോക്കോഹോമ യൂണിവേഴ്സിറ്റിയുടെ മറ്റൊരു പ്രത്യേകത യാതൊരു നിയന്ത്രണവുമില്ലാതെ സ്വതന്ത്രമായി ആർക്കും സന്ദർശിക്കാവുന്ന ലോകത്തിലെ അപൂർവ്വം ക്യാമ്പസ്സുകളിലൊന്നാണിത്. 1990കളിൽ, നമ്മുടെ ജെ. എൻ. യുവും മറ്റും ഇങ്ങനെയായിരുന്നു എന്നോർക്കണം.



യോക്കോഹാമ യൂണിവേഴ്സിറ്റിയിലെ കാട്

ജപ്പാനിൽ ചിണ്ടു നോ മോറി എന്നറിയപ്പെട്ട കാവുകൾ പണ്ടുമുതൽക്കേ ക്ഷേത്രങ്ങൾക്ക് ചുറ്റുമായുണ്ടായിരുന്നു. എന്നാൽ 20ാം നൂറ്റാണ്ടിന്റെ ആരംഭത്തോടെ മനുഷ്യനിർമ്മിത വനങ്ങൾ എന്ന ആശയം പരീക്ഷിക്കപ്പെട്ടു തുടങ്ങി. ഇതു പരിഷ്ക്കരിച്ചാണ് പ്രൊഫ. മിയാവാക്കി തന്റെ ദ്രുതവളർച്ച കൈവരിക്കുന്ന വനങ്ങൾ എന്ന ലക്ഷ്യം പ്രാവർത്തികമാക്കിയത്. ഒരു പ്രദേശത്ത് സ്വാഭാവികമായി വളരുന്ന സസ്യങ്ങൾ (Potential Natural Vegetation) മാത്രം തിരഞ്ഞുപിടിച്ച് കണ്ടെത്തിയാണ് ഈ വനങ്ങൾ നിർമ്മിക്കുക. 10-15 വർഷങ്ങൾ കൊണ്ട് 100 വർഷം പ്രായമായ സ്വാഭാവിക വനത്തിന് തുല്യമായ ഒരു വനം സൃഷ്ടിക്കപ്പെടുന്നു. നൂറ് ചതുരശ്ര അടി സ്ഥലത്തു പോലും ഇവ നിർമ്മിച്ചെടുക്കാം. പ്രദേശത്തെ കാർബൺ വിസർജ്ജ്യം, പൊടി, ശബ്ദം ഇവയൊക്കെ വനത്തിന്റെ വിസ്തൃതിക്ക് ആനുപാതികമായി കുറയ്ക്കാനാവും. സൂക്ഷ്മനഗര വനങ്ങൾ (Urban Micro Fotsre) നിർമ്മിക്കാനാണ് നഗരങ്ങളിലേറെയും മിയാവാക്കി മാതൃകയെ പ്രയോജനപ്പെടുത്തുന്നത്. നിരവധി ഏക്കറുകൾ വിസ്തീർണ്ണമുള്ള വനങ്ങളും പ്രൊഫ. മിയാവാക്കി ഇതേ രീതിയിൽ നിർമ്മിച്ചെടുത്തിട്ടുണ്ട്.

സ്വാഭാവികമായി വളരുന്ന ചെടികളെ തിരഞ്ഞെടുത്ത് ഇടതൂർന്ന നടീൽ (Dense Planting) രീതിയിലൂടെ ഒരു ചതുരശ്ര മീറ്ററിൽ 4 മരങ്ങൾ നടുന്നു. 50-60 സെ. മീ. ഉയരമുള്ള തൈകളാണ് നടുക. സൂര്യപ്രകാശം കിട്ടാനുള്ള മത്സരത്തിൽ അവ വളരെപ്പെട്ടെന്നു മേലോട്ടു പോവും. എന്നാൽ എല്ലാ മരങ്ങളും ഒരു പോലെ വളർച്ച കൈവരിക്കില്ല. അർഹതയുള്ളവ അതിജീവിക്കും എന്ന തത്വം ഇവിടെ പ്രയോഗത്തിൽ ആവുന്നു. ആദ്യത്തെ ഓരോ അഞ്ചു വർഷങ്ങളിലും നട്ട ചെടികളുടെ അഞ്ചു മുതൽ പത്തു ശതമാനം വരെ ഇല്ലാതായിക്കൊണ്ടിരിക്കും.

## ജപ്പാൻ യാത്രയും മിയാവാക്കിയെ കണ്ടെത്തലും

അറിഞ്ഞിടത്തോളം ഇന്ത്യയിൽ ഒരിടത്തും പത്തുവർഷംപിന്നിട്ട മിയാവാക്കി വനങ്ങൾ ഇല്ലാത്തതു കൊണ്ടും നാലു പതിറ്റാണ്ട് പിന്നിട്ടവ ജപ്പാനിൽ മാത്രമാണ് ഉള്ളതെന്നതു കൊണ്ടും അവിടെ ചെന്ന് അവ കാണാൻ ഹരി തീരുമാനിച്ചു. ഒപ്പം തൊണ്ണൂറ് പിന്നിട്ട മിയാവാക്കിയെ നേരിട്ടു കാണുകയെന്നൊരു സ്വപ്നവും.



ചിഞ്ചു നോ മോറി

തയ്യാറെടുപ്പുകൾ നടത്തിയെങ്കിലും ഇന്റർനെറ്റിൽ കൂടുതൽ തെരച്ചിലുകൾ നടത്തുന്നതിനു ജാപ്പനീസ് ഭാഷ തടസ്സമായി. ഒടുവിൽ ഇന്റർനെറ്റിലൂടെ തന്നെ ജപ്പാനിലെ ആഗോള പരിസ്ഥിതി ഗവേഷണ സ്ഥാപനമായ ഐ. ജി. ഇ. എസ്സിലെ ഡോ. റ്റൊമോക്കി യാഗസാക്കിയെപരിചയപ്പെടാനായി. യോക്കോഹാമ ക്യാമ്പസിലെ ആദ്യ മിയാവാക്കി വനങ്ങൾ കൊണ്ടു പോയി കാണിക്കാം എന്ന് അദ്ദേഹമേറ്റു. പക്ഷെ മിയാവാക്കിയുടെ വിദ്യാർത്ഥി കൂടിയായ അദ്ദേഹം പ്രൊഫസറുടെ അടുത്തെത്തിക്കാൻ തനിക്കാവില്ലെന്ന് തുറന്നു സമ്മതിച്ചു. എന്തായാലും ടോക്കിയോവിലെ ഹാൻസമോൺ പ്രദേശത്തെ ഒരു ഹോട്ടൽ രണ്ടും കൽപിച്ച് ബുക്ക് ചെയ്തു.

ജപ്പാനിൽ ചെന്നിറങ്ങുമ്പോൾ യാഗസാക്കിയുടെ ഇ- മെയിൽ ബന്ധം മാത്രമാണ് കൈമുതൽ. ഇന്ത്യയിലെ വിമാനത്താവളങ്ങളിലെ തടസ്സങ്ങളും താമസങ്ങളും 12 മണിക്കൂർ യാത്രയെ ഇരുപത്തെട്ടു മണിക്കൂറാക്കി. ഒടുവിൽ നോറിറ്റ എയർപ്പൊട്ടിലിറങ്ങി. ഹാൻസമോണിലേക്കെത്താൻ പിന്നെയും രണ്ടു മണിക്കൂർ അതിവേഗ ട്രയിനിൽ യാത്ര ചെയ്യണം. പത്തു ഗെയിറ്റുകളുള്ള ഹാൻസമോൺ മെട്രോ സ്റ്റേഷനിൽ നിന്ന് ആദ്യം മുന്നിൽ കണ്ട ഗെയിറ്റിലൂടെപുറത്തിറങ്ങി ഭാഗ്യത്തിന് തൊട്ടു മുമ്പിൽ ബുക്ക് ചെയ്തിരുന്ന ഹോട്ടൽ.

ജപ്പാനിൽ ഇന്റർനെറ്റ് സൗകര്യം ലഭിക്കുക എളുപ്പമാണ്. ഹരി പോയ മിക്കവാറും സ്ഥലങ്ങളിൽ ഐ. പി. അഡ്രസ്സിന്റെ പരിശോധന മാത്രം മതിയായിരുന്നു സൗജന്യ വൈ ഫൈ കണക്ഷൻ ലഭിക്കാൻ. ഇങ്ങേത്തലക്കൽ ഇൻവിസ് മൾട്ടി മീഡിയയിലെ സഹപ്രവർത്തകർ, അനിതയും രാധികയും രഘുവും മിയാവാക്കിയുടെ വിലാസം കണ്ടെത്താൻ പിടയുന്നുണ്ടായിരുന്നു. ഒടുവിൽ യുജിമിത എന്നൊരാൾ ആശയ വിനിമയത്തിന്റെ മറുതലക്കലെത്തി. സിന്റോ ഷ്രൈൻ നിൽ ക്ഷേത്രത്തിന്റെ മുഖ്യ പുരോഹിതനായകിയോക്കസു കാസയാമക്കിന്റെ ദ്വിഭാഷയും പൗരോഹിത്യ സഹായിയുമായിരുന്നു യുജിമിത. മസ്തിഷ്ക സംബന്ധമായ പ്രശ്നങ്ങളെ തുടർന്ന് പൊഫ. മിയാവാക്കി ഒരു നഴ്സിംഗ് ഹോമിൽ വിശ്രമത്തിലാണെന്ന് യൂജിമിതയിൽ നിന്നറിഞ്ഞു.



കുറിഹാമാ സ്കൂൾ പരിസരത്തു 45 ഡിഗ്രി കുന്നിൽ വെച്ചു പിടിപ്പിച്ച കാട്

ചീവീടുകളുടെ ഇണചേരുന്ന കാലമാവണം, നഗരമധ്യത്തിലും വനങ്ങളിലും ചീവീടുകളുടെ യുഗ്മഗീതം നിറഞ്ഞു നില്ക്കുന്നു. ചെന്നതിന്റെ മൂന്നാം ദിവസം യോക്കോഹാമ നാഷണൽ യൂണിവേഴിസിറ്റിയുടെ അടുത്തുള്ള ഐ. ജി. ഇ. എസ്. ഓഫീസിൽ ഡോ. യാഗസാക്കിയെ കാണാൻ കഴിഞ്ഞു. അദ്ദേഹം യൂണിവേഴ്സിറ്റിയിലേക്കു കൂട്ടി കൊണ്ടു പോയി. യുണിവേഴ്സിറ്റി ക്യാമ്പസ് നിറയെ കാടുകൾ. 1970 കളുടെ തുടക്കത്തിൽ ആരംഭിച്ച വനവൽക്കരണം പ്രവേശന കവാടം മുതൽ പാർക്കിങ്ങ് സ്ഥലത്തു വരെ വനങ്ങളുടെ തുരുത്തുകൾ.

എല്ലാ മരങ്ങളിലും പേരും വിവരങ്ങളും നമ്പറും അടങ്ങിയ കാർഡുകൾ ഘടിപ്പിച്ചിരിക്കുന്നു. വളരുമ്പോൾ മരങ്ങൾക്ക് മുറിവേൽ ക്കാതിരിക്കാൻ അവർ വളരെ ലളിതമായ ഒരു വിദ്യ ഉപയോഗിക്കുന്നു. കർട്ടൻ സ്പ്രിങ്ങ് ഉപയോഗിച്ചാണ് നമ്പർ പ്ലേറ്റുകൾ മരത്തിൽ ഘടിപ്പിക്കുന്നത്. മരം വളരുമ്പോൾ അവ വലിയുന്നു. പ്രൊഫ. മിയാവാക്കി ജോലി ചെയ്തിരുന്ന സർവ്വകലാശാല വകുപ്പും ഈ ക്യാമ്പസ്സിലാണ്.
അടുത്തയാത്ര, പ്രൊഫ. മിയാവാക്കി അത്ഭുതം തന്നെ സൃഷ്ടിച്ച ഒരു കുന്നിൻ ചെരിവിലേക്കായിരുന്നു. യോക്കോ സൂക്കയിലെ കുറിഹാമോ ഹൈസ്കൂളിനടുത്ത് 1984 ൽ അദ്ദേഹം ഒരു വനം തീർത്തു. അക്ഷരാർത്ഥത്തിൽ 45 ഡിഗ്രി ചെരിവുള്ള ഒരു മൊട്ടക്കുന്നായിരുന്നു അവിടം. പാറയിൽ ചെറിയ കമ്പി കഷ്ണങ്ങളും ഇരുമ്പു വലകളും ഉപയോഗിച്ചു തട്ടുണ്ടാക്കി മണ്ണു നിറച്ചു വനമുണ്ടാക്കിയിരിക്കുന്നു. ഇന്ന് ഇതൊരു നിബിഡ വനമാണ്.

പ്രൊഫ. മിയാവാക്കിയുടെ മാതൃക പിന്തുടരുന്ന സ്ഥിതിക്ക് ഒരു ചിണ്ടു നോമോറിയെങ്കിലും കാണണമെന്ന് ഡോ. യാഗസാക്കി നിർദ്ദേശിച്ചു. അങ്ങിനെ പ്രസിദ്ധമായ മെയ്ജി ജിംഗു ക്ഷേത്രത്തിലേക്ക് ഒരു യാത്ര നടത്തി. ആദ്യത്തെ മനുഷ്യ നിർമ്മിത വനങ്ങളിലൊന്നാണ് 1920 കളിൽ നിർമ്മിച്ച ഈ ക്ഷേത്ര പരിസരത്തിലേത്. 174 ഏക്കറുള്ള പുറം വനവും 74 ഏക്കറുള്ള ഉൾ വനവും. സഞ്ചാരികളുടെ പ്രവാഹമാണ്. ക്ഷേത്രത്തിൽ ആരാധനക്കായി ഉപയോഗിക്കുന്ന സേക എന്ന ജാപ്പനീസ് മദ്യവും ഫ്രഷ് വൈനും വഴിയുടെ ഇരുവശങ്ങളിലുമായി പ്രദർശിപ്പിച്ചിരിക്കുന്നു. എന്നാൽ മദ്യപിച്ച ഒരാളെപ്പോലും ആ പരിസരത്തു കാണാൻ കഴിഞ്ഞില്ല.

## ഒടുവിൽ മിയാവാക്കിയുടെ തണലിൽ

ഒടുവിൽ പ്രൊഫ. മിയാവാക്കിയുമായി സന്ദർശനത്തിനുള്ള അനുമതി കിട്ടി. ഒഡാനോയിലെ സിന്റോ ഷ്രൈനിലെത്തുക. അവിടെ നിന്ന് സഹപ്രവർത്തകർ കൂട്ടി കൊണ്ടു പോകും. നഴ്സിംഗ് ഹോമിലാണ് സന്ദർശനം. മുപ്പത് മിനിറ്റ് അനുവദിച്ചിട്ടുണ്ട്. പ്രൊഫസർക്ക് ചില്ലറ ശാരിരികബുദ്ധിമുട്ടുകളുണ്ട്. അങ്ങിനെ ഒഡാനോയിലെ സിന്റോ ഷ്രൈൻ ക്ഷേത്രത്തിലെത്തി. ചുറ്റിലും മിയാവാക്കി നിർമ്മിച്ച വനം. പല ആകൃതിയിലും വലിപ്പത്തിലുമുള്ളവ. കാർ പാർക്കിംഗിനും മറ്റും അനുയോജ്യമായി ചില ഡിസൈനർ വനങ്ങളും ഇവിടെ കാണാൻ കഴിഞ്ഞു.



മിയാവാക്കിക്കും സഹപ്രവർത്തകർക്കുമൊപ്പം ഹരി

ജപ്പാൻ കാർ സമയനിഷ്ഠ പാലിക്കുന്നതുകൊണ്ട് കൃത്യസമയത്ത് തന്നെ നഴ്സിംഗ് ഹോമിലെത്തി. വളരെ ശുചിത്വമാർന്ന അന്തരീക്ഷം. അവിടുത്തെ ചിട്ടകളനുസരിച്ച് സന്ദർശനത്തിനു മുന്നോടിയായി കൈകൾ കഴുകുമ്പോൾ പുറകിൽ നിന്നൊരു വിളി, 'ഹരിസാൻ, മിയാവാക്കി', അമ്പരുന്നു നിന്ന വീൽ ചെയറിൽ ചിരിച്ചു കൊണ്ട് വരുന്ന പ്രൊഫ. മിയാവാക്കി. അമ്പരന്നു നിൽക്കെ ഹരിയുടെ കൈ കവർന്നെടുത്ത് അദ്ദേഹം കോൺഫറൻസ് റൂമിലേക്കു നീങ്ങി.

അദ്ദേഹത്തിന്റെ വിദ്യാർത്ഥികളായ പ്രൊഫ. കസ്യൂ ഫ്യൂജിവാരയും, പ്രൊഫ. നാകാമുറയും ചർച്ചയിൽ പങ്കുചേർന്നു. കേരളത്തിൽ സൃഷ്ടിടിച്ച മിയാവാക്കി വനങ്ങളുടെ വീഡിയോ വളരെ ശ്രദ്ധയോടെ വീക്ഷിച്ചു. ഹരി പിന്തുടർന്ന മാതൃകയിൽ വരുത്തേണ്ട ചില മാറ്റങ്ങൾ പ്രൊഫസർ മിയാവാക്കിയും സഹപ്രവർത്തകവും നിർദ്ദേശിച്ചു. കൂടിക്കാഴ്ച മൂന്ന് മണിക്കൂറിലേക്ക് നീണ്ടു. കേരളത്തിലെ ജനങ്ങൾക്കുള്ള സന്ദേശം മിയാവാക്കി നാലു വാക്കുകളിലൊതുക്കി-'പ്ലാന്റ് മോർ മോർ ട്രീസ്'

ഒടുവിൽ വീൽ ചെയറിൽ അദ്ദേഹം തിരികെ റൂമിലേക്ക്. കൂടെ മുറിയിലെത്തിയ ഹരി അദ്ദേഹത്തിന്റെ എഴുത്തു മേശ കണ്ട് ഞെട്ടി. 92ാം വയസ്സിലും കണ്ണടയില്ലാതെ എഴുതുകയും വായിക്കുകയും ചെയ്യുന്ന പ്രൊഫസറുടെ മേശപ്പുറം തിങ്ങി നിറഞ്ഞ് പുസ്തകങ്ങളും കടലാസ് കൂമ്പാരങ്ങളും. ചുവരിൽ ഒരു നോട്ടീസ് ബോർഡിൽ സന്ദേശങ്ങൾ ഒട്ടിച്ചു വെച്ചിരിക്കുന്നു. ആ വന്ദ്യ വയോധികനിപ്പോഴും ഉണർന്നിരുന്ന ഭൂമിയെ പച്ച പുതപ്പിക്കാൻ അഹോരാത്രം പ്രവർത്തിക്കുകയാണ്.

Content Highlights: akira miyawaki- miyawaki forest

Like 102